## മധുരമായകുട്ടികളെ - ഓർമ്മയിൽ ഇരിക്കാനുള്ള അഭ്യാസം ചെയ്യുകയാണെങ്കിൽ സദാ ഹർഷിതമുഖികളായിരിക്കും, വിടർന്നിരിക്കും, ബാബയുടെ സഹായം ലഭിച്ചുകൊണ്ടിരിക്കും, ഒരിക്കലും വാടുകയില്ല

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഈ ഈശ്വരീയ വിദ്യാർത്ഥീ ജീവിതം ഏതൊരു ലഹരിയിലാണ് നയിക്കേണ്ടത്?
**ഉത്തരം:-** സദാ ലഹരിയുണ്ടായിരിക്കണം നാം ഈ പഠിപ്പിലൂടെ രാജകുമാരീ-കുമാരനായി മാറും. ഈ ജീവിതം കളിച്ചും ചിരിച്ചും, ജ്ഞാനത്തിന്റെ ഡാൻസ് ചെയ്തും ജീവിക്കണം. സദാ അവകാശിയായി പുഷ്പമായി മാറാനുള്ള പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കൂ. ഇത് രാജകുമാരീ- കുമാരനായി മാറാനുള്ള കോളേജാണ്. ഇവിടെ പഠിക്കുകയും പഠിപ്പിക്കുകയും വേണം, പ്രജകളെ ഉണ്ടാക്കണം. എങ്കിലേ രാജാവായി മാറാൻ സാധിക്കൂ. ബാബ പഠിച്ചതു തന്നെയാണ്, ബാബയ്ക്ക് പഠിക്കേണ്ട ആവശ്യമില്ല.

**ഗീതം-** ബാല്യകാല ദിനങ്ങൾ മറക്കരുത്. . . . .

**ഓം ശാന്തി**. ഈ ഗീതം പ്രത്യേകിച്ചും കുട്ടികൾക്കുള്ളതാണ്. ഇത് സിനിമാഗീതമാണെങ്കിലും ചില പാട്ടുകൾ നിങ്ങൾക്കുള്ളതാണ്. ആരാണോ സത്പുത്രരായ കുട്ടികൾ അവർക്ക് ഗീതം കേൾക്കുന്ന സമയത്ത് തന്നെ അതിന്റെ അർത്ഥം തന്റെ ഹൃദയത്തിലേക്ക് കൊണ്ടു വരണം. ബാബ മനസ്സിലാക്കിത്തരുന്നു എന്റെ ഓമന സന്താനങ്ങളേ, കാരണം നിങ്ങളിപ്പോൾ ബാബയുടെ കുട്ടികളായിരിക്കുകയാണ്. എപ്പോഴാണോ കുട്ടികളാകുന്നത് അപ്പോഴേ ബാബയുടെ സമ്പത്തിന്റെ കൂടി ഓർമ്മയുണ്ടായിരിക്കൂ. കുട്ടികളല്ല എങ്കിൽ ഓർമ്മിക്കാൻ പ്രയത്നിക്കേണ്ടതായി വരും. കുട്ടികൾക്ക് ഈയൊരു സ്മൃതി ഉണ്ടാകും ഞങ്ങൾ ഭാവിയിൽ തന്റെ പിതാവിന്റെ സമ്പത്ത് നേടും. ഇത് രാജയോഗമാണ്, പ്രജായോഗമല്ല. നമ്മൾ ഭാവിയിൽ രാജകുമാരീ കുമാരനായി മാറും. നമ്മൾ ബാബയുടെ കുട്ടികളാണ്. ബാക്കി ഏതെല്ലാം മിത്ര സംബന്ധികളുണ്ടോ അവരെയെല്ലാം മറക്കേണ്ടതായി വരും. ഒരാളെയല്ലാതെ മറ്റാരെയും ഓർമ്മിക്കരുത്. ഈ ദേഹത്തെപ്പോലും ഓർമ്മ വരരുത്. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് ദേഹിഅഭിമാനിയായി മാറണം. ദേഹാഭിമാനത്തിലേക്ക് വരുന്നതിലൂടെയാണ് അനേക പ്രകാരത്തിലുള്ള തലകീഴായ സങ്കൽപ്പ-വികൽപ്പങ്ങൾ നിങ്ങളെ താഴേക്ക് വീഴ്ത്തുന്നത്. ഓർമ്മിക്കാനുള്ള പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ സദാ ഹർഷിതമുഖരും വിടർന്ന പുഷ്പവുമായി മാറും. ബാബയുടെ ഓർമ്മ ഇല്ലാതാകുമ്പോഴാണ് പുഷ്പം വാടിപ്പോകുന്നത്. ധൈര്യശാലീ കുട്ടികളെ ബാബ സഹായിക്കുന്നു. ബാബയുടെ കുട്ടികളല്ല എങ്കിൽ ബാബ എങ്ങനെ സഹായിക്കാനാണ്? കാരണം അവരുടെ അച്ഛനും അമ്മയും രാവണനാണ്, അപ്പോൾ വീഴാനുള്ള സഹായമാണ് ലഭിക്കുക. അതുകൊണ്ട് ഈ ഗീതം മുഴുവനും നിങ്ങൾ കുട്ടികൾക്കായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്- ബാല്യകാല ദിനങ്ങൾ മറക്കരുത്... ബാബയെ ഓർമ്മിക്കണം, ഓർമ്മിച്ചില്ലായെങ്കിൽ ഇന്ന് ചിരിച്ച് നാളെ കരയേണ്ടതായി വരും. നിങ്ങൾ കുട്ടികൾക്കറിയാം ഒരേയൊരു ഗീതാശാസ്ത്രത്തിൽ മാത്രമാണ് ചിലവാക്കുകൾ ശരിയായിട്ടുള്ളത്. ഇങ്ങനെ എഴുതിയിട്ടുണ്ട് യുദ്ധ മൈതാനത്തിൽ വീണ് മരിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിലേക്ക് പോകും. എന്നാൽ ഇവിടെ ഹിംസാത്മകയുദ്ധത്തിന്റെ കാര്യമില്ല. നിങ്ങൾ കുട്ടികൾക്ക് ബാബയിൽ നിന്നും ശക്തി നേടി മായയുടെ മേൽ വിജയം പ്രാപിക്കണം. അതുകൊണ്ട് തീർച്ചയായും ബാബയെ ഓർമ്മിക്കണം. എന്നാൽ മാത്രമേ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാകൂ. അവർ സ്ഥൂലമായ ആയുധങ്ങളാണ് അതിൽ കാണിച്ചിരിക്കുന്നത്. ജ്ഞാന ബാണം, ജ്ഞാനത്തിന്റെ ആയുധം എന്നീ അക്ഷരങ്ങൾ കേട്ടപ്പോൾ സ്ഥൂല രൂപത്തിലുള്ള ആയുധങ്ങൾ കാണിച്ചു. വാസ്തവത്തിൽ ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. ബാക്കി ഇത്രയും ഭുജങ്ങളൊന്നും ആർക്കും തന്നെ ഉണ്ടാവില്ല. അപ്പോൾ ഇത് യുദ്ധ മൈതാനമാണ്. യോഗത്തിലിരുന്ന് ശക്തി നേടി വികാരങ്ങളുടെ മേൽ വിജയം പ്രാപിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ സമ്പത്തിന്റെ ഓർമ്മ വരുന്നു. അവകാശികളാണ് സമ്പത്തെടുക്കുക. അവകാശിയായി മാറുന്നില്ല എങ്കിൽ പ്രജകളാകേണ്ടിവരും. ഇത് രാജയോഗമാണ് പ്രജായോഗമല്ല. ഈ തിരിച്ചറിവ് ബാബയ്ക്കല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല.
ബാബ പറയുന്നു എനിക്ക് ഈ സാധാരണ ശരീരത്തെ ആധാരമായി എടുക്കേണ്ടി വരുന്നു. പ്രകൃതിയെ ആധാരമാക്കാതെ നിങ്ങൾ കുട്ടികളെ എങ്ങനെ രാജയോഗം പഠിപ്പിക്കും? ആത്മാവ് ശരീരത്തെ ഉപേക്ഷിക്കുകയാണെങ്കിൽ പിന്നീട് സംസാരമൊന്നും ഉണ്ടാവുകയില്ല. പിന്നീട് എപ്പോഴാണോ ശരീരം ധാരണ ചെയ്യുന്നത്, കുട്ടി കുറച്ച് വലുതായാൽ ബുദ്ധി തുറക്കപ്പെടും. ചെറിയ കുട്ടികൾ പവിത്രമാണ്

അവരിൽ വികാരങ്ങൾ ഉണ്ടാവുകയില്ല. സന്യാസിമാർ ഏണിപ്പടി കയറി പിന്നീട് താഴേക്ക് ഇറങ്ങുന്നു. തന്റെ ജീവിതക്കെുറിച്ച് അവർ മനസ്സിലാക്കുന്നു. കുട്ടികളിൽ പവിത്രതയുണ്ട് അതുകൊണ്ടാണ് കുട്ടികളും മഹാത്മാക്കളും ഒരു പോലെയാണെന്ന് പറയുന്നത്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ഈ ശരീരം ഉപേക്ഷിച്ചാൽ രാജകുമാരീ-കുമാരനായി മാറും. മുൻപും നമ്മൾ അതുപോലെയായിരുന്നു. ഇപ്പോൾ വീണ്ടും അതുപോലെയായിത്തീരുന്നു. വിദ്യാർത്ഥികൾക്ക് ഇങ്ങനെയുള്ള ചിന്തകളെല്ലാം തന്നെ ഉണ്ടായിരിക്കും. അതിലും ആരാണോ വിശ്വസ്തരും ആജ്ഞാകാരികളും ശ്രീമതം പാലിക്കുന്നതുമായ കുട്ടികൾ, അവരുടെ ബുദ്ധിയിൽ മാത്രമാണ് ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ചിന്തിക്കുക. ഇല്ലെങ്കിൽ ശ്രേഷ്ഠമായ പദവി പ്രാപ്തമാക്കുവാൻ സാധിക്കില്ല. ടീച്ചറെ പഠിപ്പിക്കേണ്ടതായ ആവശ്യമില്ലല്ലോ. ടീച്ചർ പഠിച്ച് പിന്നീട് പഠിപ്പിക്കുകയില്ല. ടീച്ചറെ നോളേജ്ഫുൾ എന്നാണ് പറയുക. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം മറ്റാരിലും തന്നെയില്ല. ആദ്യം ബാബ നമ്മുടെ അച്ഛനാണെന്നുള്ള നിശ്ചയം ഉണ്ടായിരിക്കണം. അഥവാ ആരുടെയെങ്കിലും ഭാഗ്യത്തിലില്ലെങ്കിൽ ഉള്ളിൽ സംശയങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ഇതറിയാൻ സാധിക്കില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് എപ്പോഴാണോ നിങ്ങൾ ബാബയുടെ മടിത്തട്ടിലേക്ക് വരുന്നത് അപ്പോൾ ഈ ദുർവികാരങ്ങളുടെ അസുഖവും അതിശക്തമായിത്തന്നെ പുറത്തേക്കു വരുന്നു. അസുഖം പൂർണ്ണമായും പുറത്തേക്കു വരുമെന്നുള്ളത് വൈദ്യന്മാരും പറയാറുണ്ട്. ബാബയും പറയുന്നുണ്ട്, നിങ്ങൾ ബാബയുടെ കുട്ടിയായിത്തീർന്നാൽ ദേഹബോധത്തിന്റെ, കാമത്തിന്റെ, ക്രോധത്തിന്റെയെല്ലാം അസുഖം പുറത്തേക്കു വരും, വർദ്ധിക്കുന്നു. ഇല്ലെങ്കിൽ എങ്ങനെ പരീക്ഷണം ഉണ്ടാകാനാണ്? എവിടെയെങ്കിലും സംശയമുണ്ടെങ്കിൽ ബാബയോട് ചോദിക്കണം. നിങ്ങൾ യോഗ്യരാകുന്തോറും മായ വളരെ നന്നായിത്തന്നെ യുദ്ധം ചെയ്യുന്നു. നിങ്ങൾ മല്ലയുദ്ധത്തിലാണ്. ബാബയുടെ കുട്ടിയായിത്തീർന്നില്ല എങ്കിൽ പിന്നീട് ബോക്സിംഗിന്റെ കാര്യം തന്നെയില്ല. അവർ തന്റേതായ സങ്കൽപ-വികൽപങ്ങളിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്നു. അവർക്ക് ബാബയിൽ നിന്നുള്ള സഹായവും ലഭിക്കില്ല. ബാബ മനസ്സിലാക്കിത്തരുന്നു-മമ്മാ,ബാബാ എന്നു പറയുന്നു എങ്കിൽ അച്ഛന്റെ കുട്ടിയായിത്തീരണം. പിന്നീട് ഇത് നമ്മുടെ ആത്മീയ പിതാവാണെന്നുള്ളത് ഹൃദയത്തിൽ പക്കാ ആയിത്തീരും. ബാക്കി ഇത് യുദ്ധ മൈതാനമാണ്. ഇവിടെ ഒരിക്കലും ഭയപ്പെടാൻ പാടില്ല, കൊടുങ്കാറ്റിൽ നിലനിൽക്കാൻ സാധിക്കുമോ ഇല്ലയോ എന്ന ഭയം പാടില്ല. ഇങ്ങനെയുള്ളവരെ ദുർബലർ എന്നാണ് പറയുക. ഇവിടെ സിംഹമായിത്തീരണം. പുരുഷാർത്ഥത്തിനുവേണ്ടിയുള്ള നല്ല അഭിപ്രായങ്ങൾ സ്വീകരിക്കണം. ബാബയോട് ചോദിക്കണം. വളരെയധികം കുട്ടികൾ തന്റെ അവസ്ഥയെക്കുറിച്ച് എഴുതി അയക്കാറുണ്ട്. ബാബയ്ക്കു തന്നെ സർട്ടിഫിക്കറ്റ് നൽകേണ്ടി വരും. ബ്രഹ്മാബാബയിൽ നിന്നും ഒളിയ്ക്കുകയാണെങ്കിലും ശിവബാബയിൽ നിന്നും ഒളിപ്പിക്കുവാൻ സാധിക്കില്ല. വളരെയധികം പേർ ബാബയിൽ നിന്നും ഒളിയ്ക്കുന്നുണ്ട്, പക്ഷേ ശിവബാബയിൽ നിന്നും ഒളിപ്പിക്കുവാൻ സാധിക്കില്ല. നല്ലതിന്റെ ഫലം നല്ലതും മോശമായതിന്റെ ഫലം മോശമായതുമാണ്. സത്യ-ത്രേതായുഗത്തിൽ എല്ലാം നല്ലതു തന്നെയായിരിക്കും. നല്ലത്-മോശമായത്, പാപം-പുണ്യം ഇതെല്ലാം തന്നെ ഇവിടെയാണുണ്ടാകുന്നത്. സത്യയുഗത്തിൽ ദാന-പുണ്യ കർമ്മങ്ങളും ഉണ്ടാകുന്നില്ല. അവിടെ പ്രാപ്തിയാണ് അനുഭവിക്കുന്നത്. ഇവിടെ നമ്മൾ പൂർണ്ണമായും സമർപ്പണമായിത്തീരുമ്പോൾ അതിനു റിട്ടേണായി ബാബ 21 ജന്മത്തേക്കുള്ളത് നൽകുന്നു. അച്ഛനെ അനുകരിക്കണം. അഥവാ തലകീഴായ കർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ ബാബയുടെ പേരു തന്നെയാണ് മോശമായിത്തീരുക അതിനാലാണ് ബാബ പഠിപ്പ് നൽകുന്നത്. എല്ലാവർക്കും രൂപ്-ബസന്തായിത്തീരണം. ബാബ നമ്മൾ ആത്മാക്കളെ പഠിപ്പിക്കുന്നുണ്ട്, നമ്മൾ അത് പിന്നീട് മറ്റുള്ളവർക്ക് നൽകണം. സത്യമായ ബ്രാഹ്മണർക്ക് സത്യമായ ഗീത കേൾപ്പിച്ചു കൊടുക്കണം. മറ്റൊരു ശാസ്ത്രങ്ങളുടെയും കാര്യമല്ല പറയുന്നത്. ഗീതയാണ് മുഖ്യം. ബാക്കിയെല്ലാം അതിന്റെ മക്കളും പേരമക്കളുമാണ്. ഇതിലൂടെയൊന്നും ആരുടെയും നന്മയുണ്ടാകുന്നില്ല. ആർക്കും തന്നെ ഇതിലൂടെ എന്നെ ലഭിക്കുന്നില്ല. ഞാൻ തന്നെ വീണ്ടും വന്ന് സഹജമായ ജ്ഞാനവും രാജയോഗവും പഠിപ്പിക്കുന്നു. സർവ്വ ശാസ്ത്രശിരോമണി ഗീതയാണ്, ആ സത്യമായ ഗീതയിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. കൃഷ്ണനും ഗീതയിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. ഗീതയുടെ പിതാവായ രചയിതാവാണ് നമുക്ക് സമ്പത്ത് നൽകുന്നത്. ബാക്കി ഗീതാശാസ്ത്രത്തിലൂടെയൊന്നും സമ്പത്ത് ലഭിക്കുന്നില്ല. രചയിതാവ് ഒന്നാണ്, ബാക്കിയെല്ലാം രചനയാണ്. ആദ്യത്തെ നമ്പറിലുള്ള ശാസ്ത്രമാണ് ഗീത. അതിനുശേഷം ഉണ്ടായിട്ടുള്ള ശാസ്ത്രങ്ങളിലൂടെയൊന്നും സമ്പത്ത് ലഭിക്കുന്നില്ല, സന്മുഖത്തു നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. മുക്തിയുടെ സമ്പത്ത് എല്ലാവർക്കും ലഭിക്കണം. കാരണം എല്ലാവർക്കും തിരികെ പോകണം. ബാക്കി സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നത് പഠിപ്പിലൂടെയാണ്. പിന്നീട് ആര് എത്ര പഠിക്കുന്നുവോ അതിനനുസരിച്ചാണ്. ബാബ വന്ന് സന്മുഖത്ത് പഠിപ്പിക്കുന്നു. ഏതുവരെ ആര് പഠിപ്പിക്കുന്നു എന്ന നിശ്ചയം ഇല്ലയോ അതുവരെയും എന്തു മനസ്സിലാക്കാനാണ്? എന്തു പ്രാപ്തി നേടാനാണ്? എന്നാലും ബാബയിൽ

നിന്നും കേട്ടുകൊണ്ടിരിക്കുന്നു എങ്കിൽ ആ ജ്ഞാനത്തിനു വിനാശമുണ്ടാവുകയില്ല. എത്രത്തോളം സുഖം ലഭിക്കുന്നുവോ മറ്റുള്ളർക്കും സുഖം കൊടുക്കുന്നു. പ്രജകളെ ഉണ്ടാക്കുന്നു എങ്കിൽ പിന്നെ സ്വയം രാജാവായിത്തീരുന്നു.

നമ്മുടെത് വിദ്യാർത്ഥി ജീവിതമാണ്. കളിച്ചും-ചിരിച്ചും ജ്ഞാനത്തിന്റെ നൃത്തം ചെയ്തും നമ്മൾ രാജകുമാരനായിത്തീരുന്നു. നമ്മൾ രാജകുമാരനായിത്തീരാൻ പോകുന്നു എന്ന് വിദ്യാർത്ഥികൾ അറിയുന്നു എങ്കിൽ സന്തോഷത്തിന്റെ രസം ഉയരും. ഇത് രാജകുമാരി-കുമാരന്മാരുടെ കോളേജാണ്. സത്യയുഗത്തിൽ രാജകുമാരി-കുമാരന്മാർക്കായി വേറെ കോളേജുണ്ടാകും. വിമാനത്തിൽ കയറിയാണ് പോവുക. അവിടെയുള്ള വിമാനങ്ങളും കുറ്റമറ്റതായിരിക്കും, ഒരിക്കലും തകരാറ് സംഭവിക്കില്ല. ഒരിക്കലും ഏതൊരു പ്രകാരത്തിലുള്ള അപകടങ്ങളും സംഭവിക്കുകയില്ല. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ഒന്ന് ബാബയുമായി പൂർണ്ണമായ ബുദ്ധിയോഗമുണ്ടായിരിക്കണം. രണ്ടാമതായി ബാബയ്ക്ക് തന്റെ മുഴുവൻ വാർത്തകങ്ങളും നൽകേണ്ടതായുണ്ട് ആരെല്ലാം മുള്ളിൽ നിന്നും പൂമൊട്ടുകളായിത്തീർന്നു? ബാബയുമായി പൂർണ്ണ കണക്ഷൻ ഉണ്ടായിരിക്കണം. ബാബ ടീച്ചറായി നമുക്ക് നിർദ്ദേശങ്ങളും നൽകുന്നു. ആരെല്ലാം തന്നെ അവകാശികളായി പുഷ്പമായിത്തീരുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നുണ്ട്? മുള്ളിൽ നിന്നും പൂമൊട്ടുകളായിത്തീർന്നു പിന്നീട് എപ്പോഴാണോ കുട്ടിയാകുന്നത് അപ്പോൾ മാത്രമേ പുഷ്പമായിത്തീരൂ. ഇല്ലെങ്കിൽ മൊട്ടായിത്തന്നെയിരിക്കുന്നു അതായത് പ്രജയിലേക്ക് വരുന്നു. ഇപ്പോൾ ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അതിനനുസരിച്ചുള്ള പദവി ലഭിക്കുന്നു. അല്ലാതെ, ഒരാൾ ഓടുന്നതിനു പിറകെത്തന്നെ അവരുടെ വാൽ പിടിച്ചു പോകണമെന്നല്ല അതിനർത്ഥം. ഭാരതവാസികൾ അങ്ങനെയാണ് മനസ്സിലാക്കുന്നത്. എന്നാൽ വാൽ പിടിക്കേണ്ടതായ കാര്യമൊന്നുമില്ല. ആര് ചെയ്യുന്നുവോ അവർ നേടുന്നു. ആര് പുരുഷാർത്ഥം ചെയ്യുന്നുവോ 21 ജന്മത്തേക്ക് അവർക്ക് പ്രാപ്തി ലഭിക്കുന്നു. അവിടെ പ്രായമുള്ള ആളുകളും തീർച്ചയായും ഉണ്ടാകുന്നു, എന്നാൽ അകാലമരണങ്ങൾ സംഭവിക്കുന്നില്ല. എത്ര ഉയർന്ന പദവിയാണ്. ബാബയ്ക്ക് മനസ്സിലാക്കുവാൻ സാധിക്കും ഇവരുടെ ഭാഗ്യം തുറന്നു കഴിഞ്ഞു, അവകാശിയായിമാറി. ഇപ്പോൾ പുരുഷാർത്ഥിയാണ് അതുകൊണ്ട് റിപ്പോർട്ടും വരുന്നു, ബാബാ ഈ വിഘ്നങ്ങളെല്ലാം വരുന്നു, ഇതു സംഭവിക്കുന്നു. ഓരോരുത്തർക്കും കണക്കുകൾ നൽകേണ്ടതായുണ്ട്. മറ്റൊരു സത്സംത്തിലും ഇത്രയ്ക്ക് പ്രയത്നിക്കേണ്ടതായി വരുന്നില്ല. ബാബ ചെറിയ കുട്ടികളെപ്പോലും സന്ദേശികളാക്കി മാറ്റുന്നുണ്ട്. യുദ്ധത്തിൽ സന്ദേശം കൈമാറുന്നവരും ആവശ്യമാണല്ലോ. ഇത് യുദ്ധമൈതാനമാണ്. ഇവിടെ സന്മുഖത്തിൽ കേൾക്കുമ്പോൾ നിങ്ങൾക്ക് നല്ലതായിത്തോന്നുന്നു. ഹൃദയം സന്തോഷിക്കുന്നു. പുറമെ പോയി അവിടെ കൊറ്റികളുടെ കൂട്ട് ലഭിക്കുകയാണെങ്കിൽ എല്ലാ സന്തോഷവും ഇല്ലാതാകുന്നു. അവിടെ മായയുടെ പൊടിയുള്ളതുകൊണ്ട് ശ്രദ്ധയോടെയിരിക്കേണ്ടതായുണ്ട്.

ബാബ എത്ര സ്നേഹത്തോടെയാണ് പഠിപ്പിക്കുന്നത്, എത്ര സൗകര്യങ്ങളാണ് നൽകുന്നത്. ഇവിടെ വന്ന് നല്ലതാണെന്നും പറഞ്ഞ് പിന്നീട് പോകുന്നവർ ധാരാളം പേരുണ്ട്. വിരളം പേർക്കു മാത്രമേ ഇവിടെ നിൽക്കുവാൻ സാധിക്കൂ. ഇവിടെ ജ്ഞാനത്തിന്റെ ലഹരി ആവശ്യമാണ്. മദ്യത്തിനും ലഹരിയുണ്ടല്ലോ. പാപ്പരായ ആരെങ്കിലും മദ്യം കഴിച്ച് ലഹരി വർദ്ധിക്കുകയാണെങ്കിൽ അവർ സ്വയത്തെ രാജാക്കന്മാരുടെയും രാജാവാണെന്ന് മനസ്സിലാക്കുന്നു. ഇവിടെ നിങ്ങൾ കുട്ടികൾക്ക് ദിവസേന ജ്ഞാനാമൃതത്തിന്റെ പാനീയമാണ് ലഭിക്കുന്നത്. ധാരണ ചെയ്യുന്നതിനായി ദിവസേന ലഭിക്കുന്ന പോയിന്റുകളിലൂടെ ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടുന്നു അതുകൊണ്ട് എങ്ങനെയെങ്കിലും മുരളി പഠിക്കണം. ഏതുപോലെ ദിവസേന ഗീത വായിക്കുന്നവരുണ്ടോ അതുപോലെ ഇവിടെയും ദിവസേന ബാബയിൽ നിന്നും കേൾക്കണം. ബാബയോട് ചോദിക്കണം, എന്തുകൊണ്ട് എനിക്ക് ഉന്നതി ഉണ്ടാകുന്നില്ല, അതിനുള്ള കാരണമെന്താണ്? വന്ന് മനസ്സിലാക്കണം. ആർക്കാണോ ഇത് എന്റെ അച്ഛനാണെന്നുള്ള പൂർണ്ണമായ നിശ്ചയമുള്ളത് അവരേ വന്ന് മനസ്സിലാക്കൂ. അല്ലാതെ നിശ്ചയബുദ്ധിയുണ്ടാകുന്നതിനായി പുരുഷാർത്ഥം ചെയ്യേണ്ടതായ ആവശ്യമില്ല. നിശ്ചയമുണ്ടാകുന്നത്, ഒരു പ്രാവശ്യം മാത്രമാണ് ഇതിൽ ശതമാനത്തിന്റ കാര്യമൊന്നുമില്ല. ബാബ ഒന്നാണ്, ബാബയിൽ നിന്നുമാണ് സമ്പത്ത് ലഭിക്കുന്നത്. ഇവിടെ ആയിരക്കണക്കിനു ആളുകൾ പഠിക്കുന്നുണ്ട് എന്നിട്ടും ചോദിക്കുന്നു എങ്ങനെ നിശ്ചയമുണ്ടാകുമെന്ന്? അവരെ കുറഞ്ഞ ബുദ്ധിയുള്ളവരെന്നു പറയുന്നു. ബുദ്ധിശാലികൾ അവരാണ് ആരാണോ ബാബയെ തിരിച്ചറിഞ്ഞ് അംഗീകരിക്കുന്നത്. ഏതെങ്കിലും രാജാവ് ഒരു കുട്ടിയെ ദത്തെടുക്കുന്നു എങ്കിൽ രാജാവിന്റെ മടിത്തട്ട് സ്വീകരിച്ച ഉടൻ തന്നെ ആ കുട്ടിയ്ക്ക് നിശ്ചയമുണ്ടാകുമല്ലോ. അല്ലാതെ എങ്ങനെ നിശ്ചയമുണ്ടാകുമെന്ന് ചിന്തിക്കുകയില്ല. ഇത് രാജയോഗമാണ്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്, നിങ്ങളെ സ്വർഗ്ഗത്തിലെ അധികാരികളാക്കി മാറ്റുന്നു. നിശ്ചയമില്ലെങ്കിൽ നിങ്ങളുടെ ഭാഗ്യത്തിലില്ല, ഇതിൽ മറ്റാർക്കും തന്നെ ഒന്നും ചെയ്യുവാൻ സാധിക്കില്ല. അംഗീകരിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെ പുരുഷാർത്ഥം ചെയ്യുവാൻ സാധിക്കും? അവർ ജീവിതകാലം മുഴുവനും മുടന്തനായിത്തന്നെ നടക്കുന്നു. പരിധിയില്ലാത്ത അച്ഛനിൽ നിന്നും ഭാരതവാസികൾക്ക് കല്പകല്പം സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ദേവതകൾ സ്വർഗ്ഗത്തിലാണുണ്ടാകുന്നത്.

കലിയുഗത്തിലാണെങ്കിൽ രാജധാനി തന്നെയില്ലല്ലോ. പ്രജകൾ പ്രജകളുടെ മേലാണ് രാജ്യം ഭരിക്കുന്നത്. പതിത ലോകത്തെ പാവനമാക്കി മാറ്റുക എന്നത് ബാബയല്ലാതെ മറ്റാരു ചെയ്യാനാണ്? ഭാഗ്യത്തിലില്ലെങ്കിൽ പിന്നെ മനസ്സിലാക്കുകയില്ല. ഇതെല്ലാം വളരെയധികം സഹജമായും മനസ്സിലാക്കേണ്ടതുമായ കാര്യങ്ങളാണ്. ലക്ഷ്മി-നാരായണൻ ഈ രാജ്യപദവിയുടെ പ്രാപ്തി എപ്പോഴാണ് നേടിയത്? തീർച്ചയായും ഇതിനു മുമ്പുള്ള ജന്മത്തിലെ കർമ്മമനുസരിച്ചായിരിക്കും പ്രാപ്തി നേടിയിട്ടുള്ളത്. ലക്ഷ്മി-നാരായണൻ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നു, ഇപ്പോൾ നരകമാണ് അതുകൊണ്ട് ഇങ്ങനെയുള്ള ശ്രേഷ്ഠമായ കർമ്മവും രാജയോഗവും ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ പഠിപ്പിച്ചു തരാൻ സാധിക്കില്ല. ഇപ്പോൾ എല്ലാവരുടെയും അവസാനത്തെ ജന്മമാണ്. ബാബ രാജയോഗം പഠിപ്പിക്കുകയാണ്. ദ്വാപരയുഗത്തിൽ രാജയോഗം പഠിപ്പിക്കേണ്ടതായ ആവശ്യമില്ല. ദ്വാപരയുഗത്തിനു ശേഷം ഒരിക്കലും സത്യയുഗം വരില്ലല്ലോ. ഇവിടെ നിന്നും വളരെ നല്ല രീതിയൽ മനസ്സിലാക്കുന്നു. പുറമെ പോകുമ്പോൾ ശൂന്യമാകുന്നു, എങ്ങനെയാണോ ഡബ്ബയിൽ നിന്ന് രത്നങ്ങൾ നഷ്ടപ്പെട്ട് കല്ലുകളവശേഷിക്കുന്നത്, അതുപോലെ ജ്ഞാനം കേട്ട്-കേട്ട് പിന്നീട് വികാരത്തിലേക്ക് വീണു കഴിഞ്ഞാൽ പിന്നെ തീർന്നുപോയി. ജ്ഞാനരത്നങ്ങളിലൂടെയാണ് ബുദ്ധിയുടെ ശുദ്ധതയുണ്ടാകുന്നത്. ഇങ്ങനെ ധാരാളം പേർ എഴുതുന്നുണ്ട്- ബാബാ, പ്രയത്നിച്ച്-പ്രയത്നിച്ച് ഇന്നു വീണു പോയി. വീണു അർത്ഥം അവനവനെ കുലകളങ്കിതനാക്കി മാറ്റി, ഭാഗ്യത്തിൽ വര വീഴ്ത്തി. സാധാരണ വീട്ടിലാണെങ്കിലും കുട്ടികൾ അഥവാ മോശമായ ജോലി ചെയ്തു എങ്കിൽ പറയുന്നു ഇങ്ങനെയുള്ള കുട്ടി മരിക്കുന്നതാണ് നല്ലതെന്ന്. അപ്പോൾ ഈ പരിധിയില്ലാത്ത അച്ഛനും പറയുന്നു, കുട്ടികളേ, കുലകളങ്കിതരായി മാറരുത്. അഥവാ വികാരത്തെ ദാനം ചെയ്ത് പിന്നീട് തിരികെ എടുക്കുകയാണെങ്കിൽ പദവി ഭ്രഷ്ടമായിത്തീരുന്നു. പുരുഷാർത്ഥം ചെയ്ത് വിജയം പ്രാപിക്കണം. മുറിവേറ്റു പോയാൽ തന്നെ വീണ്ടും എഴുന്നേറ്റു നിൽക്കണം. ഇടയ്ക്കിടെ മുറിവേറ്റു കൊണ്ടിരിക്കുകയാണെങ്കിൽ പരാജയപ്പെട്ട് അബോധാവസ്ഥയിലായിത്തീരുന്നു. ബാബ വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു എന്നാൽ വിരളം പേരെ നിലനിൽക്കുന്നുള്ളൂ. മായ വളരെ തീക്ഷണമാണ്. പവിത്രതയുടെ പ്രതിജ്ഞ ചെയ്ത്, അഥവാ പിന്നീട് വീണുപോവുകയാണെങ്കിൽ വളരെ ആഴത്തിലുള്ള മുറിവു പറ്റുന്നു. തോണി അക്കര കടക്കുന്നത് പവിത്രതയിലൂടെയാണ്. പവിത്രതയുണ്ടായിരുന്നപ്പോൾ ഭാരതത്തിന്റെ നക്ഷത്രം തിളങ്ങിയിരുന്നു. ഇപ്പോൾ ഘോര അന്ധകാരത്തിലാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ യുദ്ധമൈതാനത്തിൽ മായയോട് ഒരിക്കലും ഭയക്കരുത്, പുരുഷാർത്ഥത്തിനായി ബാബയിൽ നിന്നും നല്ല മതം സ്വീകരിക്കണം. വിശ്വസ്തരും ആജ്ഞാകാരികളുമായി ശ്രീമത്തനുസരിച്ച് മുന്നേറണം.

2) ആത്മീയ ലഹരിയിലിരിക്കുന്നതിനായി ജ്ഞാനാമൃതത്തിന്റെ പാനീയം ദിവസേന കുടിക്കണം. മുരളി ദിവസേന പഠിക്കണം. ഭാഗ്യശാലികളായിത്തീരുന്നതിനുവേണ്ടി ബാബയിൽ ഒരിക്കലും സംശയം പാടില്ല.

## വരദാനം:- ബ്രഹ്മാബാബക്ക് സമാനം ജീവൻമുക്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്ന കർമ്മബന്ധനങ്ങളിൽ നിന്ന് മുക്തരായി ഭവിക്കട്ടെ.

ബ്രഹ്മാബാബ കർമ്മം ചെയ്തുകൊണ്ടും കർമ്മങ്ങളുടെ ബന്ധനത്തിൽ കുടുങ്ങിയില്ല. സംബന്ധങ്ങൾ നിറവേറ്റിക്കൊണ്ടും സംബന്ധങ്ങളുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടില്ല. അദ്ദേഹം ധനത്തിന്റെയും സാധനങ്ങളുടെയും ബന്ധനത്തിൽ നിന്ന് പോലും മുക്തമായിരുന്ന് ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ടും ജീവൻമുക്ത സ്ഥിതിയുടെ അനുഭവം ചെയ്തു. അതേപോലെ അച്ഛനെ പിന്തുടരൂ. ഏതൊരു പഴയ കർമ്മക്കണക്കുകളുടെയും ബന്ധനത്തിൽ ബന്ധിക്കപ്പെടരുത്. സംസ്കാരം, സ്വഭാവം, പ്രഭാവം, സമ്മർദ്ദം ഇവയുടെ ബന്ധനത്തിൽ പോലും വരരുത് അപ്പോൾ പറയാം കർമ്മബന്ധന മുക്തം, ജീവന്മുക്തം.

## സ്ലോഗൻ:- തമോഗുണിയായ വായുമണ്ഡലത്തിൽ സ്വയത്തെ സുരക്ഷിതമാക്കി വെക്കണമെങ്കിൽ സാക്ഷിയായിരുന്ന് കളി കാണാനുള്ള അഭ്യാസം ചെയ്യൂ.